(സി) വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകിയിട്ടില്ല.

(ഡി) പ്രാഥമിക സഹകരണസംഘം ജീവനക്കാർക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടെങ്കിൽ അത്തരം ഒഴിവുകൾ പൊതു റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണെന്ന് ഇതു സംബന്ധിച്ച പി.എസ്.സി. യുടെ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

130 (1039) സഹകരണബാങ്കുകളിലേക്കുള്ള നിയമനം

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമം അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കുകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതാരാണ്;

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനങ്ങൾ നടത്തുന്നതാരാണ്;

(സി) ഈ സ്ഥാപനത്തിലേക്കുള്ള നിയമനം പി.എസ്.സി.ക്ക് വിട്ടു കൊടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽഈ രണ്ട് സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾക്കു വേണ്ടി പൊതുവായ പരീക്ഷ നടത്തി യോഗ്യരായവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ;

(ഇ) ഒരു പൊതു ലിസ്റ്റ് തയ്യാറാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ബന്ധപ്പെട്ട ബാങ്കുകളുടെ ഡയറക്ടർ ബോർഡാണ് നിയമനം നടത്തുന്നത്.

(സി) ഉണ്ട്.

(ഡി&ഇ) പരീക്ഷ നടത്തുന്ന രീതി സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് പി.എസ്.സി. യാണ്.

131 (1040) ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം പി.എസ്.സി. ക്ക് വിട്ടപ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളിലെ ഡിഗ്രിക്കാരല്ലാത്ത ജീവനക്കാർക്ക് ക്ളാർക്ക് നിയമനത്തിന് അപേക്ഷിക്കുന്നതിന് സാധിക്കാതെ വന്നിരിക്കുന്ന അവസ്ഥ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണചട്ടം 186,187 പ്രകാരം എസ്.എസ്.എൽ.സി. യും മൂന്നുവർഷം ജോലി പരിചയവും ഉള്ള പ്രാഥമിക സഹകരണസംഘം ജീവനക്കാരെ ജില്ലാ ബാങ്ക് നിയമനത്തിന് പരിഗണിക്കുന്നവിധം പി.എസ്.സി. വിജ്ഞാപനത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly